# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 598

08-07-2014- ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

ചോദ്യം

ശ്രീ. എം.എ. ബേബി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കോലിയക്കോട്
എൻ. കൃഷ്ണൻ നായർ :
ശ്രീ. ബി. സത്യൻ:

മറുപടി

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എപ്പോഴാണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ചെലവിന്റെ എത്ര ശതമാനം സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ Viability Gap Funding (VGF) ലഭ്യമാക്കുന്നതിനായുള്ള അപേക്ഷ 2014 ഏപ്രിൽ മാസത്തിൽ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. അന്തിമ അനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. Viability Gap Funding ലഭ്യമാകുക ടെണ്ടറിലൂടെ തിരഞ്ഞെടുക്കുന്ന സ്വകാര്യ പങ്കാളിക്കായിരിക്കും. പദ്ധതിയ്ക്ക് സ്വകാര്യ പങ്കാളി ചെലവാക്കേണ്ടുന്ന വിഹിതം ഇപ്പോൾ കണക്കാക്കിയിരിക്കുന്നത് 3950 കോടി രൂപയാണ്. സ്വകാര്യ പങ്കാളി ചെലവാക്കേണ്ട തുകയുടെ 20% വരെ കേന്ദ്രത്തിൽ നിന്ന് ലഭ്യമാകും. |
| (ബി) കഴിഞ്ഞ യു. പി. എ സർക്കാർ ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്തായിരുന്നുവെന്ന് വിശദമാക്കാമോ; | (ബി) യു. പി. എ സർക്കാരിന്റെ അവസാന കാലത്ത് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അന്തിമ തീരുമാനം കൈക്കൊണ്ടിരുന്നില്ല. |
| (സി) കബോട്ടാഷ് നിയമത്തിൽ വിഴിഞ്ഞം തുറമുഖത്തിന് ഇളവ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കബോട്ടാഷ് നിയമത്തിൽ ഇളവ് ലഭിച്ചിട്ടില്ല. യു. പി. എ സർക്കാരിന്റെ കാലത്ത് പദ്ധതിയ്ക്ക് |

കബോട്ടാഷ് നിയമത്തിൽ ഇളവ് ലഭിക്കുന്നതിനായി ഒരു നിവേദനം മുഖ്യമന്ത്രി നൽകിയിരുന്നു. 2014 ജൂൺ മാസത്തിൽ മുഖ്യമന്ത്രി പുതിയ സർക്കാരിനും ഇതേ ആവശ്യത്തിനായി ഒരു നിവേദനം നൽകിയിട്ടുണ്ട്.

(ഡി) കേന്ദ്ര സഹായത്തോടു കൂടി വികസിപ്പിക്കാൻ യു. പി.എ സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം സംസ്ഥാനം നിർദ്ദേശിച്ച തുറമുഖം ഏതായിരുന്നുവെന്ന് വ്യക്തമാക്കുമോ; അതിന് ലഭിച്ചിരുന്ന കേന്ദ്ര സഹായം എത്ര കോടിയായിരുന്നുവെന്നും തുടർ നടപടികൾ വല്ലതും ആയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

(ഡി) യു. പി.എ സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം കേന്ദ്ര സഹായത്തോടു കൂടി വികസിപ്പിക്കാൻ സംസ്ഥാനം നിർദ്ദേശിച്ചത് അഴീക്കൽ തുറമുഖമാണ്. അതിന്റെ അടിസ്ഥാനത്തിൽ മേജർ പോർട്ട് കം ഷിപ്പ് ബിൽഡിംഗ് യാർഡ് അഴീക്കലിൽ സ്ഥാപിക്കുന്നതിനായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് സ്ഥലപരിശോധന നടത്തുകയും ടി കമ്മിറ്റി 2012 ഏപ്രിൽ 11-ന് അഴീക്കൽ തുറമുഖം സന്ദർശിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരും തുടർന്നുള്ള ഘട്ടങ്ങളിൽ ഫീസിബിലിറ്റിയ്ക്കനുസൃതമായി ടി തുറമുഖം വികസിപ്പിയ്ക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന് തീരുമാനമെടുക്കാവുന്നതാണെന്ന് ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. അതനുസരിച്ച് അഴീക്കൽ തുറമുഖ വികസനം സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. തുറമുഖ വികസനത്തിനായി കേന്ദ്ര സഹായം ഒന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ